(ഡി) സബ്സിഡി സാധനങ്ങൾ ലഭ്യമല്ല എന്ന കാരണത്താൽ മാത്രം കൺസ്യൂമർഫെഡിന്റെ യാതൊരുവിധ സ്റ്റോറുകളും അടച്ചുപൂട്ടിയിട്ടില്ല. നന്മ സ്റ്റോറുകൾ പ്രവർത്തിച്ചുവരുന്നത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ, സർക്കാർ/ അർദ്ധ സർക്കാർ സ്ഥാപനങ്ങൾ, സന്നദ്ധ സംഘടനകൾ എന്നിവ വാടകരഹിതമായി കരാർ അടിസ്ഥാനത്തിൽ അനുവദിച്ച സ്ഥലങ്ങളിലാണ്. ഇവയിൽ പല സ്റ്റോറുകളുടെയും കരാർ കാലാവധി അവസാനിച്ച സാഹചര്യത്തിലും ഫെഡറേഷൻ നേരിടുന്ന സാമ്പത്തിക മാന്ദ്യംമൂലം വിൽപ്പന കുറയുകയും തൽഫലമായി സ്റ്റോറുകൾ നേരിട്ട തുടർച്ചയായ സാമ്പത്തിക നഷ്ടം കാരണവുമാണ് പ്രസ്തുത സ്റ്റോറുകൾ നിർത്തലാക്കേണ്ടി വന്നത്. ഇതിന് ഉദ്യോഗസ്ഥർ ആരും തന്നെ ഉത്തരവാദികളായിട്ടില്ല.

(ഇ) കൺസ്യൂമർഫെഡിൽ അനുഭവപ്പെടുന്ന സാമ്പത്തിക പ്രതിസന്ധിമൂലം നിലവിൽ പ്രവർത്തിക്കുന്ന സ്റ്റോറുകളുടെ പ്രവർത്തനം മെച്ചപ്പെടുത്തിയ ശേഷം മാത്രമേ പുതിയ സ്റ്റോറുകൾ ആരംഭിക്കുകയുള്ളൂ എന്ന തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ നിർത്തലാക്കിയ സ്റ്റോറുകൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

തിവേണി/നീതി/നന്മ സ്റ്റോറുകൾ

117(462) ശ്രീ. ചിറ്റയം ഗോപകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള തിവേണി/നന്മ/നീതിസ്റ്റോറുകളുടെ എണ്ണം ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ നിലവിലുള്ള ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് (സ്ഥിരം/താല്കാലികം) ജില്ലാടിസ്ഥാനത്തിൽ അറിയിക്കുമോ ;

(സി) ഇവയുടെ പ്രവർത്തനം ലാഭകരമാണോ എന്ന് വിലയിരുത്തിയിട്ടുണ്ടോ ; എങ്കിൽ ആയതിന്റെ വിശദാംശം ഇക്കഴിഞ്ഞ വാർഷിക സ്ഥിതിവിവര കണക്കുകളുടെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

ഉത്തരം

(എ) നിലവിൽ 232 തിവേണി സ്റ്റോറുകളും കൺസ്യൂമർഫെഡ് നേരിട്ട് നടത്തുന്ന 806 നന്മസ്റ്റോറുകളും സഹകരണ സംഘങ്ങൾ നടത്തുന്ന 751 നന്മ സ്റ്റോറുകളും 714 നീതി സ്റ്റോറുകളും ഇപ്പോൾ പ്രവർത്തിച്ചുവരുന്നു. ഇവയുടെ ജില്ലാടിസ്ഥാനത്തിലുള്ള വിവരങ്ങൾ അനുബന്ധം Iആയി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) നിലവിലുള്ള ത്രിവേണി/നന്മ/നീതി സ്റ്റോറുകളുടെ ജീവനക്കാരുടെ എണ്ണം തസ്തിക തിരിച്ച് ജില്ലാടിസ്ഥാനത്തിൽ അനുബന്ധം II ചേർക്കുന്നു.*

(സി) ഉണ്ട്. ഇവയുടെ പ്രവർത്തനം ഫെഡറേഷൻ തലത്തിൽ വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ 5 ത്രിവേണി സ്റ്റോറുകൾമാത്രമേ ലാഭകരമായി പ്രവർത്തിക്കുന്നതായി കാണുന്നുള്ളൂ.

സുവർണ്ണ കേരളം പദ്ധതി

118 (463) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. എം. എ. വാഹീദ് :
ശ്രീ. പി. എ. മാധവൻ :
ശ്രീ. ജോസഫ് വാഴക്കൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും ഖാദി ഗ്രാമവ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി ഏത്ര സഹകരണ സംഘങ്ങൾ മുഖേനയാണ് ആധുനിക കൃഷി സാങ്കേതികവിദ്യകൾ കൈമാറുവാൻ ഉദ്ദേശിക്കുന്നത് ;

(സി) അടുക്കളത്തോട്ട നിർമ്മാണം ഉൾപ്പെടെ ഏതെല്ലാം കൃഷിരീതികളും ഉൽപ്പാദനോപാധികളുമാണ് കൈമാറുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) നൂതനവും ആരോഗ്യകരവുമായ കൃഷിരീതികൾ ഉപയോഗപ്പെടുത്തി സഹകരണ സംഘങ്ങളിലൂടെ കേരളത്തിലെ എല്ലാ വീടുകളിലും പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുക, സുരക്ഷിതമായ ഭക്ഷണം എന്ന ആവശ്യം ജനകീയ പങ്കാളിത്തത്തോടുകൂടി കേരളത്തിലെ സഹകരണ മേഖലവഴി നടപ്പാക്കുക എന്നിവയാണ് സുവർണ്ണ കേരളം പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ. വിഷമയമില്ലാത്ത മികച്ച പച്ചക്കറി കൃഷി ചെയ്യുന്നതിന്റെ ആവശ്യകത സംബന്ധിച്ച് ജനങ്ങളുടെ ഇടയിൽ ബോധവത്കരണവും നടത്തിവരുന്നു.

(ബി) കേരളത്തിലുടനീളം സഹകരണസംഘം രജിസ്ട്രാറുടെ ഭരണ നിയന്ത്രണത്തിൻകീഴിൽവരുന്ന എല്ലാ സഹകരണ സംഘങ്ങളേയും ഈ പദ്ധതിയിൽ ഉൾപ്പെടുത്തി ആധുനിക കൃഷി രീതികൾ പ്രോത്സാഹിപ്പിക്കുവാനുള്ള സാങ്കേതികവിദ്യ കൈമാറുവാൻ ഉദ്ദേശിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly